# ജീവിതയാത്ര

## Jeevitha Yatra

KRISHNAMURTI FOUNDATION INDIA | JANUARY - APRIL 2018 | RS.2/- VOL. 13 ISSUE 2

**ജെ. കൃഷ്ണമൂർത്തിയുടെ തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം**


# എന്താണ് ഉൾക്കാഴ്ച?

## ചോദ്യങ്ങളും കൃഷ്ണമൂർത്തിയുടെ ഉത്തരങ്ങളും

ചോദ്യം: ഉൾക്കാഴ്ച (insight) എന്നത് ഭൂതോദയം (intuition) അല്ലെ? പെട്ടെന്ന് ചിലർക്കുണ്ടാകുന്ന ഈ സ്പഷ്ടതയെക്കുറിച്ച് സംസാരിക്കാമോ? ഉൾക്കാഴ്ച എന്നതുകൊണ്ട് താങ്കൾ അർത്ഥമാക്കുന്നതെന്താണ്? അത് നൈമിഷികമാണോ അതോ തുടർന്നു പോകാൻ കഴിവുള്ളതാണോ?

കൃഷ്ണമൂർത്തി: പല പ്രഭാഷണങ്ങളിലും "ഉൾക്കാഴ്ച" എന്ന വാക്ക് പ്രഭാഷകൻ ഉപയോഗിച്ചിട്ടുണ്ട്. ഉൾക്കാഴ്ച എന്നതിന്റെ അർത്ഥം ഉള്ളിലേക്കു കാണുക, ചിന്തയുടെ പൂർണ്ണമായ ചലനത്തെ കാണുക എന്നതാണ്. ഉദാഹരണമായി, അസൂയയുടെ മുഴുവൻ ചലനത്തെ കാണുക. അത് ആർത്തിയുടെ പൂർണ്ണരൂപം ദർശിക്കലും ദുഃഖത്തിന്റെ പൂർണ്ണമായ ഉള്ളടക്കം കാണലും ആണ്. അത് വിശകലനമോ ബുദ്ധിശക്തിയുടെ പ്രയോഗമോ അല്ല. അറിവിൽ നിന്നുണ്ടായതുമല്ല. കഴിഞ്ഞകാലത്തിലൂടെ അനുഭവങ്ങളിൽ നിന്ന് മസ്തിഷ്കത്തിൽ സ്വരൂപിച്ച് വച്ചിരിക്കുന്നതാണ് അറിവ്.

സമഗ്രമായ അറിവ് എന്നൊന്നില്ല. അതുകൊണ്ട് അറിവിനൊപ്പം അറിവില്ലായ്മയും നിലനിൽക്കുന്നു — രണ്ട് കുതിരകൾ ഒരുമിച്ച് ഓടുന്നതുപോലെ. നിരീക്ഷണം അറിവിനെയും ബുദ്ധിവൈഭവത്തെയും യുക്തിവിചാരത്തെയും അന്വേഷണത്തെയും വിശകലനത്തെയും ആശ്രയിക്കുന്നില്ലെങ്കിൽ പിന്നെ അതെന്താണ്? അതാണ് യഥാർത്ഥ ചോദ്യം.

ചോദ്യകർത്താവ് ആരായുന്നത് അത് ഭൂതോദയമാണോ എന്നാണ്. പലരും ഉപയോഗിക്കുന്ന, ചതിക്കുന്ന ഒരു വാക്കാണ് അത്. ഭൂതോദയത്തിന്റെ യാഥാർത്ഥ്യം സ്വന്തം ആഗ്രഹങ്ങളുടെ പ്രതിഫലനമാകാം. ഒരാൾ എന്തെങ്കിലും ആഗ്രഹിക്കുന്നു. കുറച്ചു ദിവസങ്ങൾക്കുശേഷം അതിനെക്കുറിച്ച് ഒരു ഭൂതോദയമുണ്ടാകുന്നു. ആ ഭൂതോദയം അങ്ങേയറ്റം മഹത്വമുള്ളതാണെന്ന് അയാൾ വിചാരിക്കുന്നു. എന്നാൽ വളരെ ആഴത്തിൽ നാം ഇത്തരം ഉള്ളുണർവ്വുകളിലേക്ക് കടന്നാൽ ഇത് ആഗ്രഹങ്ങളിൽ, ഭയത്തിൽ അല്ലെങ്കിൽ പലതരം സുഖാനുഭവങ്ങളിൽ അധിഷ്ഠിതമായതാണെന്ന് കാണാൻ കഴിയും. അതുകൊണ്ട് ഞാൻ ആ വാക്കിനെ വളരെ സംശയിക്കുന്നു. പ്രത്യേകിച്ചും കാവ്യാത്മകമായവരും വികാരജീവികളും കല്പനാശക്തിയുള്ളവരും വല്ലതും അന്വേഷിച്ച് നടക്കുന്നവരും ഉപയോഗിക്കുമ്പോൾ. അവർക്ക് തീർച്ചയായും ഉള്ളുണർവ് ഉണ്ടാകും. എന്നാൽ അത് വ്യക്തമായും അവരുടെ ആത്മവഞ്ചകമായ ആഗ്രഹങ്ങളിൽ അധിഷ്ഠിതമായിരിക്കും. അതുകൊണ്ട് തത്ക്കാലം "ഭൂതോദയം" എന്ന വാക്ക് മാറ്റിനിർത്തൂ.

പിന്നെ എന്താണ് ഉൾക്കാഴ്ച? ക്ഷണത്തിൽ ചിലത് കാണുക എന്നതാണ്. അത് സത്യവും യുക്തിയുക്തമായതും ബുദ്ധിപൂർവ്വമായതും വിവേകമുള്ളതുമായിരിക്കണം. ഉൾക്കാഴ്ച ഉടൻതന്നെ പ്രവർത്തനനിരതമാകണം. ഒരാൾക്ക് ഉൾക്കാഴ്ചയുണ്ടായി, എന്നാൽ അതിൽവച്ച് അയാൾ ഒന്നും പ്രവർത്തിക്കുന്നില്ല എന്ന സംഗതിയില്ല. ചിന്തയുടെ എല്ലാ സ്വഭാവവിശേഷങ്ങളിലും ഉൾക്കാഴ്ച ഒരുവന് ഉണ്ടായി എങ്കിൽ, ഉടനെതന്നെ പ്രവൃത്തിയുണ്ടാകും.

ചിന്ത ഓർമ്മയുടെ പ്രതികരണമാണ്. ഓർമ്മ മസ്തിഷ്കത്തിൽ ശേഖരിക്കപ്പെട്ട അറിവും അനുഭവുമാണ്. ഓർമ്മയാണ് പ്രതികരിക്കുന്നത്. "നിങ്ങൾ എവിടെ താമസിക്കുന്നു?" എന്ന് ചോദിച്ചാൽ നിങ്ങൾ ഉത്തരം നൽകുന്നു. നിങ്ങളുടെ പേരെന്താണ്—ഉത്തരം ഉടൻ വരികയായി. ഓർമ്മയായി സൂക്ഷിച്ചുവച്ചിട്ടുള്ള അറിവിന്റെയും അനുഭവത്തിന്റെയും സഞ്ചയത്തിന്റെ പ്രതികരണമാണ് ചിന്ത. ചിന്ത അറിവിനെ അടിസ്ഥാന


## Get your newsletters as PDF

**JOIN OUR GOOGLE GROUP**

Joining our Google Group enables you to receive by e-mail our e-newsletters, information about our retreats, discussions, video screenings, and so on.

To join, go to the link below; make sure you are signed in with your G-mail account, and then select 'Join Group'.

https://tinyurl.com/kfigroup

You can also check our webpage, www.kfionline.org, to read the back issues of our newsletters, available in many languages. This will help us reduce the use of paper.

*Note:*

This facility is optional; those who wish to read the printed copies will continue to receive them as usual.

# എന്താണ് ഉൾക്കാഴ്ച?

മാക്കിയുള്ളതും അറിവിന്റെ പരിണതഫലവുമാണ്. അറിവ് പരിമിതമായതുകൊണ്ട് ചിന്തയും പരിമിതമാണ്. ചിന്തയ്ക്ക് ഒരിക്കലും എല്ലാം ഉൾക്കൊള്ളാൻ കഴിയില്ല. അതുകൊണ്ട് അത് എപ്പോഴും പരിമിതപ്പെട്ടതും ഇടുങ്ങിയതും ബന്ധിതവുമായിരിക്കും.

ഇതിനെക്കുറിച്ച് ഒരു ഉൽക്കാഴ്ച ഉണ്ടാവുക എന്നുവച്ചാൽ ചിന്തയുടെ ആവർത്തനമില്ലാത്ത ഒരു പ്രവൃത്തി ഉണ്ടാകുന്നു എന്നതാണ്. ഉദാഹരണമായി, സംഘടനയുടെ ഘടനയെക്കുറിച്ച് ഉൾക്കാഴ്ചയുണ്ടാവുകയാണ് എന്നു വയ്ക്കുക. അപ്പോൾ ഓർമ്മിച്ചെടുക്കൽ ഇല്ലാതെ. തർക്കമില്ലാതെ, അനുകൂല പ്രതികൂല ന്യായങ്ങളില്ലാതെ നിരീക്ഷിക്കുന്നു. സംഘടനയുടെ ആവശ്യത്തിന്റെ പൂർണ്ണമായ സ്വഭാവവും ചലനവും നിങ്ങൾ വെറുതെ കാണുന്നു. ഇതിനെക്കുറിച്ച് ഒരു ഉൾക്കാഴ്ച ഉണ്ടാവുന്നു. അതിൽ നിന്ന് നിങ്ങൾ പ്രവർത്തിക്കുന്നു. ആ പ്രവർത്തനം യുക്തിയുക്തവും ബുദ്ധിപൂർവ്വവും ആരോഗ്യപദവും ആയിരിക്കും. ഒരു ഉൾക്കാഴ്ച ഉണ്ടായി എന്നാൽ പ്രവർത്തനം അതിന് വിരുദ്ധമാകുന്നു എന്നൊരു കാര്യമില്ല. അപ്രകാരമാകുന്നുവെങ്കിൽ അത് ഉൽക്കാഴ്ചയല്ല.

ഉദാഹരണമായി, ചെറുപ്പം തൊട്ട് നിങ്ങൾ ഏറ്റുവാങ്ങിയ വേദനകളെയും മുറിവുകളെയും കുറിച്ച് ഉൾക്കാഴ്ചയുണ്ടാവുന്നു എന്ന് വയ്ക്കുക. എല്ലാ മനുഷ്യരും ബാല്യം തൊട്ട് മരണംവരെ വിവിധ കാരണങ്ങളാൽ മുറിവേൽക്കപ്പെടുന്നു. അവരിൽ മാനസീകമായി ഈ വ്രണമുണ്ട്. ആ മുറിവുകളുടെ സ്വഭാവത്തെ ഘടനയെയും കുറിച്ച് ഒരു ഉൾക്കാഴ്ചയുണ്ടാകട്ടെ. നിങ്ങൾക്ക് മാനസികമായ വ്രണങ്ങളും മുറിവുകളും ഉണ്ട്. നിങ്ങൾ ഒരു മനഃശ്ശ്സ്ത്രജ്ഞനേയോ, മാനസിക അപഗ്രഥകനെയോ, മനോരോഗചികിത്സകനെയോ സമീപിച്ചാൽ അയാൾ നിങ്ങളുടെ മുറിവിന്റെ കാരണം കണ്ടുപിടിച്ചേക്കാം—നിങ്ങളുടെ അമ്മ അതായിരുന്നു. അച്ഛൻ ഇതായിരുന്നു എന്നൊക്കെ. എന്നാൽ കാരണം കണ്ടെത്തിയതുകൊണ്ട് മുറിവ് ഉണങ്ങാൻ പോകുന്നില്ല. അത് അവിടെത്തന്നെ ഉണ്ട്. മുറിവുകളുടെ ഫലമോ ഇനിയും മുറിവേൽക്കാതിരിക്കാൻ വേണ്ടിയുള്ള ഒറ്റപ്പെടൽ, ഭയം, പ്രതിബന്ധം എന്നിവ. തന്നെച്ചുറ്റി ഒരു വേലി കെട്ടുന്നു. ഇതെല്ലാം നിങ്ങൾക്ക് പരിചിതമായിരിക്കും. ഇതൊക്കെ മുറിവേല്പിന്റെ സമഗ്ര ചലനമാണ്. നിങ്ങൾതന്നെ നിങ്ങളെക്കുറിച്ച് നിർമ്മിച്ച പ്രതിരൂപമാണ് ഈ മുറിവ്. ആ പ്രതിരൂപം നിലനിൽക്കുന്നിടത്തോളം കാലം തീർച്ചയായും നിങ്ങൾ മുറിപ്പെട്ടുകൊണ്ടേയിരിക്കും. ഇതിനെക്കുറിച്ച് ഉൾക്കാഴ്ച ഉണ്ടാവുകയാണെങ്കിൽ—വിശകലനമില്ലാതെ പൊടുന്നനെ ഇത് ദർശിക്കുകയാണെങ്കിൽ—ആ പ്രത്യക്ഷബോധം തന്നെയാണ് ഉൾക്കാഴ്ച. ഇത് നിങ്ങളുടെ മുഴുവൻ ശ്രദ്ധയും ഊർജ്ജവും ആവശ്യപ്പെടുന്നു. ആ ഉൾക്കാഴ്ചയിൽ മുറിവുകൾ മായ്ക്കപ്പെടുന്നു. പാടുകൾ ഏതും ബാക്കിവയ്ക്കാതെ ഉൾക്കാഴ്ചയിൽ മുറിവുകൾ പൂർണ്ണമായും മാഞ്ഞുപോകും. പിന്നെ മറ്റൊരാൾക്കും നിങ്ങളെ മുറിപ്പെടുത്താൻ കഴിയില്ല. നിങ്ങളെക്കുറിച്ച് നിങ്ങൾ സൃഷ്ടിച്ച പ്രതിരൂപം ഇല്ലാതാകുന്നു.

## വാക്കുകൾ

ചോദ്യം: ഹൃദയസ്പർശിയായ പ്രശ്നങ്ങൾക്ക് നിസ്സാരമായ ഉത്തരങ്ങൾകൊണ്ട് മനസ്സ് എളുപ്പം തൃപ്തിപ്പെടുന്നതെന്തുകൊണ്ട്?

കൃഷ്ണമൂർത്തി: ആഴത്തിലുള്ള ഒരു പ്രശ്നത്തിനെ സംബന്ധിച്ച് നിസ്സാരമായ വ്യാഖ്യാനങ്ങൾ നാം സ്വീകരിക്കുന്നതെന്തുകൊണ്ടാണ്? നാം വാക്കുകളിൽ ജീവിക്കുന്നതെന്തുകൊണ്ടാണ്? അതാണ് യഥാർത്ഥ പ്രശ്നം. വാക്കുകൾ ഇത്ര പ്രധാനമാകാൻ കാരണമെന്താണ്? ഒരാൾ യാതനകളിലൂടെ, കഷ്ടപ്പാടുകളിലൂടെ കടന്നുപോകുന്നു. അതിനെല്ലാം എന്തെങ്കിലും വ്യാഖ്യാനവുമായി ആരെങ്കിലും വന്നാൽ, ആ വ്യാഖ്യാനങ്ങളിൽ അയാൾ ആശ്വാസം തേടുന്നു—ദൈവമുണ്ട്, പുനർജന്മമുണ്ട്, അത്, ഇത്, വേറെ ചിലത് എന്നെല്ലാം. ഈ വാക്കുകളെ, വ്യാഖ്യാനങ്ങളെ അയാൾ അംഗീകരിക്കുന്നു. കാരണം അവ ആശ്വാസം നൽകുന്നു. ദുരിതങ്ങളിലൂടെ, ആകുലതകളിലൂടെ കടന്നുപോകുന്ന ആൾക്ക് വിശ്വാസങ്ങൾ ആശ്വാസം കൊടുക്കുന്നു. തത്വചിന്തകരുടെ, മനശ്ശാസ്ത്രജ്ഞരുടെ, പുരോഹിതരുടെ, ഗുരുക്കന്മാരുടെ, ആചാര്യന്മാരുടെ വാക്കുകളിലാണ് നാം ജീവിക്കുന്നത്. ഇതിന്റെ അർത്ഥം നാം രണ്ടാംകിട (second-hand) ജീവിതമാണ് നയിക്കുന്നത് എന്നാണ്. നിങ്ങൾ രണ്ടാംകിട വ്യക്തികളാണ്, അതുകൊണ്ട് നിങ്ങളതിൽ സംതൃപ്തരാണ്. "ദൈവം" എന്ന വാക്ക് ഒരു ചിഹ്നമാണ്. ചിഹ്നങ്ങൾ അത്യധികം പ്രാധാന്യം നേടുന്നു—കൊടിയെപ്പോലെ. മനസ്സ് എന്തുകൊണ്ടാണ് ഇത് ചെയ്യുന്നത്? മറ്റുള്ളവർ ചിന്തിച്ചതിനെക്കുറിച്ചെല്ലാം നാം വായിക്കുന്നു. ലോകത്തിൽ എന്തു നടക്കുന്നുവെന്ന് നാം ടെലിവിഷനിൽ കാണുന്നു—എല്ലായ്പ്പോഴും മറ്റാരെങ്കിലുമാണ് നമ്മോട് പറയുന്നത് നാം എന്തു ചെയ്യണമെന്ന്. ഇതിനാൽ നമ്മുടെ മനസ്സിന് കോട്ടം തട്ടുന്നു. നമ്മൾ എല്ലായിപ്പോഴും രണ്ടാംകിട ജീവിതം നയിക്കുകയും ചെയ്യുന്നു.

"എനിക്ക് സ്വയം വെളിച്ചമാകാൻ കഴിയുമോ? എന്ന് നിങ്ങൾ ഒരിക്കലും ചോദിച്ചിട്ടില്ല. ആ വെളിച്ചം മറ്റൊരാളുടെയോ ക്രിസ്തുവിന്റെയോ ബുദ്ധന്റെയോ അല്ല. ഒരാൾ അയാൾക്ക് തന്നെ വെളിച്ചമാകാൻ കഴിയുമോ? അതിനർത്ഥം അവിടെ നിഴലുകളുണ്ടാവില്ല.സ്വയം വെളിച്ചമായിരിക്കുക എന്നുവെച്ചാൽ ഒരു കൃത്രിമമായ ഉപകരണത്താലോ, സാഹചര്യത്താലോ, ദുഃഖത്താലോ അത്യാഹിതത്താലോ അതിനെ കെടുത്താൻ കഴിയില്ല. സ്വയം അങ്ങനെ ആകാൻ കഴിയുമോ? മനസ്സിൽ വെല്ലുവിളികളൊന്നും ഇല്ലാതിരിക്കുമ്പോൾ, അതായത് അത്രയും ജാഗ്രതാവസ്ഥയിലാകുമ്പോൾ മാത്രമേ അങ്ങനെ സംഭവിക്കുകയുള്ളു.

എന്നാൽ നമ്മിൽ മിക്കവർക്കും വെല്ലുവിളികൾ വേണം. കാരണം നാം ഉറക്കത്തിലാണ്. തത്വചിന്തകരും സന്യാസിമാരും ദൈവങ്ങളും പൂജാരികളും രാഷ്ട്രീയക്കാരും നമ്മെ ഉറക്കിയിരിക്കുന്നു. നാം ഉറക്കത്തിലാണെന്നും നമ്മെ ഉറക്കിയിരിക്കുന്നുവെന്നും നാം അറിയുന്നില്ല. നാം സാധാരണാവസ്ഥയിലാണെന്ന് നാം കരുതുന്നു. സ്വയം വെളിച്ചമാകാൻ ആഗ്രഹിക്കുന്ന ഒരാൾ ഇതിൽ നിന്നെല്ലാം സ്വതന്ത്രമാകണം. അഹംബോധം ഇല്ലാതിരിക്കുമ്പോഴെ നിങ്ങൾക്ക് സ്വയം വെളിച്ചമാകാൻ സാധിക്കുകയുള്ളു. അപ്പോൾ ആ വെളിച്ചം അനശ്വരവും നിത്യവും അളവറ്റതുമാണ്.

## വിദ്യാഭ്യാസം

ചോദ്യം: യുവാക്കളുടെ വിദ്യാഭ്യാസത്തിൽ ചരിത്രത്തിന്റ പ്രസക്തി എന്താണ്?

കൃഷ്ണമൂർത്തി: ചരിത്രം വായിച്ചാൽ ഒരു കാര്യം മനസ്സിലാകും. മനുഷ്യൻ പ്രകൃതിയുമായി മല്ലിട്ടിട്ടുണ്ട്, അതിനെ കീഴടക്കിയിട്ടുണ്ട്, നശിപ്പിച്ചിട്ടുണ്ട്, മലിനീകരിച്ചിട്ടുണ്ട്.

# വിദ്യാഭ്യാസം

മനുഷ്യൻ മനുഷ്യനെതിരെ പോരാടിയിട്ടുണ്ട്; എല്ലായ്പ്പോഴും യുദ്ധങ്ങളുണ്ടായിട്ടുണ്ട്, മനുഷ്യൻ സ്വതന്ത്രനാകാൻ സമരം ചെയ്യുന്നു. എന്നിട്ടും അവൻ താൻ പുറത്തുകടക്കാൻ ശ്രമിക്കുന്ന സ്ഥാപനങ്ങളുടെയും സംഘടനകളുടെയും അടിമയായിതീരുന്നു. പക്ഷേ, അവൻ പിന്നെയും പുതിയ സ്ഥാപനങ്ങളും സംഘടനകളും സൃഷ്ടിക്കുകയെ ചെയ്യുന്നുള്ളു. സ്വതന്ത്രനാകാനുള്ള അന്തമില്ലാത്ത ഒരു പോരാട്ടമാണ് നടക്കുന്നത്.

മനുഷ്യരാശിയുടെ ചരിത്രം യുദ്ധങ്ങളുടെ ചരിത്രമാണ്—ഗോത്രയുദ്ധങ്ങൾ, ഫ്യൂഡൽ യുദ്ധങ്ങൾ, കോളനിവാഴ്ചയുടെ, രാജാക്കന്മാരുടെ, രാഷ്ട്രങ്ങളുടെ യുദ്ധങ്ങൾ. ഇത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ഗോത്രമനസ്സ് ഇന്ന് ദേശീയമായതും പരിഷ്കരിക്കപ്പെട്ടതുമായിത്തീർന്നിരിക്കുന്നു. പക്ഷേ, അതിപ്പോഴും ഗോത്രമനസ്സുതന്നെ. മാനവചരിത്രം അതിന്റെ സംസ്കാരം ഉൾക്കൊള്ളുന്നു. പലതരം ദുരിതങ്ങളിലൂടെയും രോഗങ്ങളിലൂടെയും യുദ്ധങ്ങളിലൂടെയും മതവിശ്വാസങ്ങളിലൂടെയും സിദ്ധാന്തങ്ങളിലൂടെയും, ദൈവത്തിന്റെയും ആദർശങ്ങളുടെയും സമാധാനത്തിന്റെയും പേരിൽ നടന്ന മതദ്രോഹ വിചാരണകളിലൂടെയും പീഡനങ്ങളിലൂടെയും ദണ്ഡനങ്ങളിലൂടെയും കടന്നുപോയിട്ടുള്ള മനുഷ്യന്റെ കഥയാണിതെല്ലാം.

ഇതെല്ലാം യുവാക്കളെ എങ്ങിനെയാണ് പഠിപ്പിക്കേണ്ടത്? ഇതെല്ലാം മാനവരാശിയുടെ, മനുഷ്യന്റെ കഥയാണെങ്കിൽ, അവ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കഥയാണ്. അത് അവരുടെ തന്നെ കഥയാണ്, അല്ലാതെ വെറും രാജാക്കന്മാരുടെയും യുദ്ധങ്ങളുടെയും മാത്രം കഥയല്ല. അദ്ധ്യാപകന് വിദ്യാർത്ഥിയുടെ തന്നെ കഥ മനസ്സിലാക്കാൻ എങ്ങനെയാണ് സഹായിക്കാൻ കഴിയുക? പൂർവ്വകാലത്തിന്റെ കഥയുടെ പരിണതഫലമാണ് ആ വിദ്യാർത്ഥി. അപ്പോൾ ഇതാണ് പ്രശ്നം: ഞാൻ വിദ്യാർത്ഥിയും നിങ്ങൾ അദ്ധ്യാപകനുമാണെങ്കിൽ, എന്റെ സ്വഭാവവും ഘടനയും മനസ്സിലാക്കാൻ നിങ്ങൾക്ക് എങ്ങനെ എന്നെ സഹായിക്കാൻ കഴിയും? ഞാൻ തന്നെയാണ് മാനവരാശി. എന്റെ മസ്തിഷ്കം അനേകശതം വർഷങ്ങളുടെ പരിണതിയാണ്. എല്ലാ അക്രമങ്ങളും മത്സരങ്ങളും മുരടത്തവും ക്രൂരതയും ഭയവും സന്തോഷവും യാദൃച്ഛികമായ ആനന്ദവും സ്നേഹത്തിന്റെ സൗമ്യമായ സുഗന്ധവും എല്ലാം എന്നിൽ അടങ്ങുന്നു.

ഇതെല്ലാം മനസ്സിലാക്കാൻ നിങ്ങൾ എന്നെ എങ്ങനെ സഹായിക്കും? അതിനർത്ഥം അദ്ധ്യാപകൻ സ്വയം മനസ്സിലാക്കുകയും വിദ്യാർത്ഥിയെ അവനെത്തന്നെ മനസ്സിലാക്കാൻ സഹായിക്കുകയും വേണം എന്നാണ്. അത് അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിലുള്ള ആശയവിനിമയമാണ്. ആ വിനിമയത്തിലൂടെ അയാൾ സ്വയം മനസ്സിലാക്കുകയും എന്നെ മനസ്സിലാക്കാൻ സഹായിക്കുകയുമാണ്. അദ്ധ്യാപകൻ ആദ്യം തന്നെ സ്വയം മനസ്സിലാക്കി പിന്നീട് വിദ്യാർത്ഥിയെ പഠിപ്പിക്കണം എന്നതല്ല—അങ്ങനെ ചെയ്യുകയാണെങ്കിൽ അദ്ധ്യാപകന് ഒരു ജീവിതകാലം തന്നെ വേണ്ടിവരും. അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിൽ പരസ്പരം അന്വേഷണത്തിന്റേതായ ഒരു ബന്ധം ഉണ്ടാക്കുന്നു. ഇത് ഒരു ചെറിയ കുട്ടിയുമായോ ഒരു വിദ്യാർത്ഥിയുമായോ സ്ഥാപിക്കാൻ കഴിയുമോ? എങ്ങനെയാണ് നിങ്ങൾ ഇതിന് തുനിയുന്നത്? അതാണാ ചോദ്യം.

ഒരു രക്ഷിതാവ് എന്ന നിലയ്ക്ക് നിങ്ങൾ എങ്ങനെ ഇതിനെ സമീപിക്കും? കുട്ടിയുടെ മനസ്സിന്റെ ഘടനയും സ്വഭാവവും മനസ്സിലാക്കാൻ, അവന്റെ ആഗ്രഹങ്ങളുടെ, ഭയത്തിന്റെ, അവന്റെ ജീവിതത്തിന്റെ തന്നെ മൊത്തമായ ഗതി മനസ്സിലാക്കാൻ നിങ്ങൾ അവനെ എങ്ങനെ സഹായിക്കും? അത് വലിയൊരു പ്രശ്നമാണ്.

മാതാപിതാക്കളും അദ്ധ്യാപകരും എന്ന നിലയ്ക്ക് തികച്ചും നൂതനമായ ഒരു തലമുറയെ സൃഷ്ടിക്കാൻ നാം സന്നദ്ധരാണോ? തികച്ചും വ്യത്യസ്തമായ മനസ്സും ഹൃദയവുമുള്ള ഒരു തലമുറ എന്നതാണ് ഇവിടെ സൂചിപ്പിക്കുന്നത്. അതിന് നാം തയ്യാറാണോ? നിങ്ങൾ ഒരു രക്ഷിതാവെങ്കിൽ നിങ്ങളുടെ മദ്യം, പുകവലി, മയക്കുമരുന്നുകൾ എല്ലാം നിങ്ങൾ കുട്ടിക്കുവേണ്ടി വേണ്ടെന്നുവച്ച് നിങ്ങളും കുഞ്ഞും നല്ല മനുഷ്യരായി ജീവിക്കാമോ?

“നല്ലത്” എന്ന വാക്കിന്റെ ആന്തരാർത്ഥം ശരിയായി യോജിക്കുന്നത് എന്നാണ്; അലോസരങ്ങളില്ലാതെ—നല്ലൊരു വാതിൽ പോലെ, അല്ലെങ്കിൽ നല്ല യന്ത്രം പോലെ. “നല്ലത്” എന്നതിന് പൂർണ്ണമായത്, വിഭജിക്കപ്പെടാത്തത്, ശകലിതമാക്കാത്തത് എന്നും അർത്ഥമുണ്ട്. വിദ്യാഭ്യാസത്തിലൂടെ നല്ലൊരു മനുഷ്യനെ നിർമ്മിക്കാൻ നമ്മൾ തയ്യാറാണോ? നല്ലൊരു മനുഷ്യൻ എന്നു വെച്ചാൽ, ഭയമില്ലാത്ത ഒരാൾ, അയൽക്കാരനെ ഭയക്കാത്ത, ഭാവി, രോഗം,ദാരിദ്രം തുടങ്ങി മറ്റു കാര്യങ്ങളെക്കുറിച്ചൊന്നും ഭയമില്ലാത്ത ഒരാൾ.

കൂടാതെ, നമ്മളും നമ്മുടെ കുട്ടികളും, സമഗ്രഹതയുള്ളവരായിരിക്കാൻ വേണ്ടി പ്രവർത്തിക്കാൻ നാം തയ്യാറാണോ? “സമഗ്രത” എന്ന വാക്കിന് പൂർണ്ണമായിരിക്കുക എന്ന അർത്ഥമുണ്ട്—ഉദ്ദേശിക്കുന്നത് തന്നെ പറയുക, അല്ലാതെ ഒന്നു പറയുക, മറ്റൊന്ന് ചെയ്യുക എന്നാകരുത്. സമഗ്രത സത്യസന്ധതയെ സൂചിപ്പിക്കുന്നു. മിഥ്യാസങ്കല്പങ്ങളും വൈകാരികമായതും കല്പിതമായതുമായ ലക്ഷ്യങ്ങളും തീക്ഷ്ണമായ വിശ്വാസങ്ങളുമെല്ലാം ഉണ്ടെങ്കിൽ നമുക്ക് സത്യസന്ധതയെ സൂചിപ്പിക്കുന്നു. മിഥ്യാസങ്കല്പങ്ങളും വൈകാരികമായതും കല്പിതമായതുമായ ലക്ഷ്യങ്ങളും തീക്ഷ്ണമായ വിശ്വാസങ്ങളുമെല്ലാം ഉണ്ടെങ്കിൽ നമുക്ക് സത്യസന്ധമാകാൻ കഴിയുമോ? നാം ഏതെങ്കിലും വിശ്വാസത്തോട് സത്യസന്ധത പുലർത്തുമായിരിക്കാം. എന്നാൽ അത് സമഗ്രതയല്ല. കുഞ്ഞുങ്ങളെ നാം ഈ ലോകത്തിൽ കൊണ്ടുവന്ന് രണ്ടോ മൂന്നോ വയസ്സുവരെ അവരെ വളർത്തി വഷളാക്കി. പിന്നെ യുദ്ധത്തിനായി തയ്യാറെടുപ്പിക്കുന്നു. ചരിത്രം മനുഷ്യനെ ഒന്നുംതന്നെ പഠിപ്പിച്ചിട്ടില്ല. യുദ്ധഭൂമിയിൽ കൊല്ലപ്പെട്ടവരുടെ എത്രയെത്ര അമ്മമാർ കരഞ്ഞിട്ടുണ്ട്. എന്നിട്ടും പരസ്പരമുള്ള പൈശാചികമായ കൊല അവസാനിപ്പിക്കാനുള്ള കഴിവ് നമുക്കില്ല.

നാം കുഞ്ഞുങ്ങളെ പഠിപ്പിക്കാൻ തുനിയുമ്പോൾ, നന്മയ്ക്കുള്ള ഒരു ത്വര നമ്മിൽത്തന്നെ ഉണ്ടായിരിക്കണം. നന്മയെന്നത് ഒരു ആദർശമല്ല. അത് പൂർണ്ണത, സമഗ്രത, ഭയത്തിന്റെയും കുഴപ്പത്തിന്റെയും അഭാവം ഇവയെല്ലാം നിലകൊള്ളുന്ന ഒരു സ്ഥിതിയാണ്. ഇതൊന്നും ആദർശങ്ങളല്ല, വസ്തുതകളാണ്. നമുക്ക് വസ്തുനിഷ്ഠമാകാനും അതുകൊണ്ട്തന്നെ വിദ്യാഭ്യാസത്തിലൂടെ നല്ല മനുഷ്യരെ സൃഷ്ടിക്കാനും കഴിയുമോ? വ്യത്യസ്തമായ ഒരു സംസ്കാരത്തെ, കുഴപ്പവും ഭയവും തീണ്ടാത്ത മനസ്സുള്ള സമഗ്രതയുള്ള ഒരു മനുഷ്യനെ സൃഷ്ടിക്കാൻ നാം ശരിക്കും ആഗ്രഹിക്കുന്നുണ്ടോ ? ■

# എന്താണ് ലേബൽ, എന്താണ് വാസ്തവം

കുറച്ച് അകലെനിന്ന് വന്ന “ബി”, അത്യന്തം മോഹഭംഗം സംഭവിച്ച്, തികച്ചും ഏകാകിയും ദുഃഖിതനുമായിരുന്നു. അയാൾ വിവിധ സാമൂഹികപരിഷ്കരണങ്ങളിൽ പ്രവർത്തിക്കുകയും, പല മതവിഭാഗങ്ങളോട് ബന്ധപ്പെട്ടിരിക്കുകയും, രാഷ്ട്രീയത്തിൽ പങ്കുചേരുകയും, ആവുന്നിടത്തോളം നന്നായി പണം സമ്പാദിക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. അയാൾ സംഭ്രാന്തനായിരുന്നു, എവിടെനിന്ന് പുനരാരംഭിക്കണമെന്ന് അറിയുകയുമില്ലായിരുന്നു. യുദ്ധത്തിൽ അയാൾ ചേർക്കപ്പെട്ടില്ല, കൊല്ലുന്നതിൽനിന്ന് മോചിതനായതിൽ അയാൾ സന്തുഷ്ടനായിരുന്നു. അയാൾക്ക് അയാളുടെ ജോലി വിരസമായി തോന്നിയിരുന്നു, ആളുകളാകട്ടെ അഭിലാഷമുള്ളവരും, നിഷ്ടൂരരും, അവരവർക്കു വേണ്ടിയോ, അവരുടെ വിഭാഗത്തിനു വേണ്ടിയോ, അവരുടെ ആശയങ്ങൾക്കു വേണ്ടിയോ തുനിഞ്ഞിറങ്ങിയവരുമായിരുന്നു, അത് അവരെ ക്രൂരരും അസഹിഷ്ണുക്കളുമാക്കി. എവിടെനിന്നാണ് അയാൾ തുടങ്ങേണ്ടത്, എന്തിനെക്കൊണ്ടാണ് അയാൾ തുടങ്ങേണ്ടത്? അയാൾക്ക് സൃഷ്ടിപരമായിട്ട് എന്തെങ്കിലും ചെയ്യണമെന്നുണ്ടായിരുന്നു.

നാം സാമൂഹിക പരിഷ്കരണങ്ങളെക്കുറിച്ച് സംസാരിച്ചു—കൂടുതൽ പരിഷ്കരണങ്ങൾ ആവശ്യമായി വരുന്ന പരിഷ്ക്കരണങ്ങൾ. പരിഷ്കരണങ്ങൾ ആവശ്യവും നല്ലതുമാണെങ്കിലും, അവ കാര്യങ്ങളുടെ ഉള്ളിലേക്ക്, ഗഹനമായ കാരണങ്ങളിലേക്ക് ഇറങ്ങി ചെല്ലുന്നില്ല. ഹിംസാത്മകങ്ങളായ വിപ്ലവങ്ങളും പ്രതിസന്ധികളുമാകട്ടെ, വലിയ മാറ്റങ്ങൾ വാഗ്ദാനം ചെയ്യുന്നുവെങ്കിലും അവ ഭയാവഹങ്ങളായ രക്തച്ചൊരിച്ചിലിലും ദ്രോഹത്തിലും കലാശിക്കുന്നു. മതപരമായ വിഭാഗങ്ങളിലും, മതപരമായ ചിന്തയിലും ആധികാരികത, അന്ധമായ അനുഗമനം, കാല്പനിക വാദം, ക്രമാഗതമായ ആശയഭ്രാന്ത് എന്നിവയുണ്ട്. ഈ വിഷയങ്ങൾ നാം പല കാഴ്ചപ്പാടുകളിൽനിന്ന് ചർച്ച ചെയ്തു.

യഥാർത്ഥമായും എന്നെന്നേക്കുമായും സൃഷ്ടിപരതയുള്ളവനാകുന്നതിന്, ഒരുവൻ അവനിൽ നിന്നു തന്നെ തുടങ്ങണം. കാരണം ലോകം അവൻ തന്നെയാണ്; അവനവനെ മനസ്സിലാക്കാതെ, കേവലം സൃഷ്ടിപരതയുള്ളവനാകുക എന്നത് സ്പർദ്ധ, മത്സരം, നാഗരികതയുടെ പ്രത്യേകമായ നിഷ്ടൂരത എന്നിവ ഉണ്ടാക്കും. സ്വീയജ്ഞാനത്തിലൂടെ സ്വയം അടച്ചുകെട്ടുന്ന പ്രക്രിയകൾ കണ്ടെത്തപ്പെടുന്നു; ഈ കണ്ടെത്തൽ സ്വതന്ത്രമാക്കുന്നതും സൃഷ്ടിപരവുമാണ്, എന്തുകൊണ്ടെന്നാൽ കണ്ടെത്തപ്പെടുന്നത് പരമാർത്ഥമാണ്; പരമാർത്ഥം ഒരുവനെ സ്വതന്ത്രനാക്കും. താദാത്മ്യമുള്ളപ്പോൾ ഈ കണ്ടെത്തൽ തടയപ്പെടുന്നു. സ്വാവബോധിതനാകുന്നതുകൊണ്ട്, താദാത്മ്യത്തിന്റെ, പരിമിതത്വത്തിന്റെ കാരണങ്ങൾ കണ്ടെത്തപ്പെടുന്നു. സ്വാവബോധിതനാകുന്നത് അത്യന്തം വിഷമമാണ്—വിധികല്പനയില്ലാതെ, ആശയസംഹിത, തത്ത്വസംഹിത, വർഗ്ഗം തുടങ്ങിയവയുടെ താദാത്മ്യമില്ലാതെ സ്വാവബോധിതനാകുന്നത്. പക്ഷേ നമ്മിൽ മിക്കവരും താദാത്മ്യപ്പെട്ടിരിക്കുന്നവരും, വിധികൽപ്പിക്കുന്നവരും, തിരഞ്ഞെടുക്കുന്നവരും ആയതുകൊണ്ട്, നാം ഈ വിധികല്പനകൾ, താദാത്മ്യങ്ങൾ, ലേബൽ ഇടലുകൾ—വാക്കുകൾ ആദ്യവും വസ്തുതകൾ അഥവാ യാഥാർത്ഥ്യം പിന്നീടും—എന്നിവയെക്കുറിച്ച് അവബോധിതരാകണം. അവയെ ക്കുറിച്ച് അവബോധിതരാകവേ, നാം അവയുടെ കാരണത്തെ മനസ്സിലാക്കുവാൻ തുടങ്ങുന്നു, എന്നിട്ട് നിരന്തരമായ അവബോധത്തിലൂടെ ആ കാരണം അലിയിക്കപ്പെടുന്നു. സ്വീയജ്ഞാനത്തിലൂടെ നമ്മുടെ സ്വയം അടച്ചുകെട്ടുന്ന പരിമിതികൾ കണ്ടെത്തപ്പെടുന്നു, ഈ കണ്ടെത്തൽ വെളിപ്പെടുത്തുന്നത് മാത്രമല്ല, സ്വതന്ത്രമാക്കുന്നതുമാണ്.

ഇപ്രകാരം അവബോധിതനാകുക എന്നത് വിഷമമാണ്, പക്ഷേ നിങ്ങൾ നിങ്ങളുടെ എല്ലാ ചിന്തകളും, വികാരങ്ങളും, പ്രതികരണങ്ങളും, കർമ്മങ്ങളും എഴുതിവെക്കുവാൻ തുടങ്ങുന്നുവെങ്കിൽ, നിങ്ങൾ നിങ്ങളുടെ അന്തഃസത്തയുടെ നിലയെക്കുറിച്ച് അവബോധിതനാകുവാൻ തുടങ്ങുന്നു. തീർച്ചയായും നിങ്ങളുടെ എല്ലാ ചിന്തകളും, വികാരങ്ങളും എഴുതിവെക്കുവാനുള്ള സമയം നിങ്ങൾക്കില്ല, പക്ഷേ നിങ്ങൾ എല്ലാ ദിവസവും താല്പര്യപൂർവ്വം എഴുതിവെക്കുകയോ, കുറിച്ചുവെക്കുകയോ ചെയ്യുന്നുവെങ്കിൽ, നിങ്ങളുടെ ശ്രദ്ധ മറ്റു വിഷയങ്ങളിലേക്ക് ചെലുത്തപ്പെടുമ്പോഴും നിങ്ങളുടെ അബോധമനസ്സ് രേഖപ്പെടുത്തുന്നുണ്ടെന്ന് നിങ്ങൾ കാണും; അതുകൊണ്ട് പിന്നീട് നിങ്ങൾക്ക് വീണ്ടും എഴുതുവാൻ സമയം കിട്ടുമ്പോൾ, നിങ്ങളുടെ കർമ്മങ്ങളും, പ്രതികരണങ്ങളും നിങ്ങൾ ഓർക്കും. ഇത് ലേബൽ അഥവാ വാക്ക് എന്താണെന്നതിനെക്കുറിച്ചും, വാസ്തവം അഥവാ യാഥാർത്ഥ്യം എന്താണെന്നതിനെക്കുറിച്ചുമുള്ള വകതിരിവുണ്ടാക്കും — ആശയസംഹിത, തത്ത്വസംഹിത, വിശ്വാസം, അതുകൊണ്ടുതന്നെ വിധികല്പന എന്നിവയോടുള്ള താദാത്മ്യത്തെക്കുറിച്ചും എന്താണോ ഉള്ളത് അതിനെക്കുറിച്ചുമുള്ള വകതിരിവ്. ഇത് ചിന്തയുടെ മഹനീയമായ സത്യസന്ധതയും യഥാർത്ഥമായതിന്റെ കണ്ടെത്തലിന് അത്യന്താപേക്ഷിതമായിരിക്കുന്ന ജാഗ്രതയും തത്പരവുമായ ആ ഏകാഗ്രതയും സംഭവിപ്പിക്കുന്നു. ഈ ഏകാഗ്രത അടിച്ചേൽപ്പിക്കപ്പെടുന്ന ഏകാഗ്രതയിൽനിന്ന് പൂർണ്ണമായും വ്യത്യസ്തമാണ്, അതാകട്ടെ വെറുമൊരു ശീലമായിത്തീരുകയും, സ്വയം സംതൃപ്തിയുടെയും ചാരിതാർത്ഥ്യത്തിന്റെയും അലസതയിലേക്ക് നയിക്കുകയും ചെയ്യുന്നു. ഈ ഏകാഗ്രത ബോധമനസ്സിലേക്ക് അബോധമനസ്സിന്റെ ഉള്ളടക്കങ്ങളെയും, പ്രേരണകളെയും, ഭ്രമിപ്പിക്കുന്ന ഘടകങ്ങളെയും, മറഞ്ഞിരിക്കുന്ന ചിന്തകളെയും, താദാത്മ്യങ്ങളെയും കൊണ്ടുവരുവാൻ സഹായിക്കും, അങ്ങനെ അടച്ചുകെട്ടുന്ന പ്രത്യേകപരമായ അതികാംക്ഷയെ അവസാനിപ്പിക്കുകയും ചെയ്യും. ഈ അതികാംക്ഷയാണ്, അതിന്റെ ബന്ധനങ്ങളും പരിമിതികളും കൊണ്ട് ബന്ധിക്കുന്നതും, ചിന്ത-വികാരത്തെ തുച്ഛവും, ഇടുങ്ങിയതും, ആശ്രിതവും, ഉടമസ്ഥതാപരവും ആക്കിത്തീർക്കുന്നതും. ഈ അതിരുകൾ യഥാർത്ഥ സൃഷ്ടിപരതയെ തടയുന്നു. സ്വയം സൃഷ്ടങ്ങളായ ഈ ബന്ധനങ്ങളാണ് അസ്യഷ്ടമായതിന്റെ സാക്ഷാത്കാരത്തെ തടയുന്നത്.

ചിന്ത — വികാരത്തെ ഈ ബന്ധനങ്ങളിൽ നിന്ന് മുക്തമാക്കുന്നതാണ് ധ്യാനത്തിന്റെ തുടക്കം. അത് കാലത്തിന്റെയല്ല, അതികാംക്ഷയുടെ ഓളങ്ങളെ സംബന്ധിച്ചുള്ള ഉണർന്നതും, ക്ഷമയോടു കൂടിയതും, ദയവുള്ളതുമായ തിരിച്ചറിവിന്റെ ചോദ്യമാണ്. ഇതിൽനിന്ന് സ്വീയജ്ഞാനവും പരമോത്കൃഷ്ടമായ വിവേകവും വരുന്നു. ■

കൃഷ്ണമൂർത്തി ഫൗണ്ടേഷൻ ഇന്ത്യ സമീപകാലത്ത്  വീണ്ടും അച്ചടിച്ച അഞ്ച് “Theme Book Series” പുസ്തകങ്ങൾ.
















ഒരു പുസ്തകത്തിന്റെ വില രൂപ 195/- പുസ്തകങ്ങൾ വാങ്ങിക്കാൻ ഈമെയിൽ ചെയ്യുക.
publications@kfionline.org Website: www.kfionline.org

# ഉപജീവനംകൊണ്ട് മാത്രമല്ല

അയാളുടെ മതം സോഷ്യലിസമാണെന്ന് “എച്ച്” പറഞ്ഞു, കാരണം ഉപജീവനമില്ലാതെ ദൈവമോ മനുഷ്യനോ ഇല്ല. എല്ലാവർക്കും ഉപജീവനം ഉണ്ടാവുന്നതിനുവേണ്ടി, കർക്കശമായ നടപടിയെടുക്കുകയും, തടസ്സമായി നിൽക്കുന്ന ആളുകളെ ചിലതോതിൽ അനിവാര്യമായി ഇല്ലാതാക്കുകയും വേണം. ഈ ലോകത്ത്, മനുഷ്യക്ഷേമത്തിനും, മനുഷ്യൈക്യത്തിനും ആവശ്യമായ മാറ്റങ്ങൾ സംഭവിപ്പിക്കുന്നതിന് ഹിംസ, ഖേദകരമെങ്കിലും, ആവശ്യമാണ്. ഹിംസ തീർച്ചയായും ഐക്യം ഉണ്ടാക്കിയിട്ടുണ്ട്; ശാന്തി കൊണ്ടുവരുന്നതിനു അത് ആവശ്യമായും ഉപയോഗിക്കടപ്പടണം. കഴിഞ്ഞ കാലത്ത്, ഹിംസ തീർച്ചയായും കൂടുതൽ ഹിംസയും, കൂടുതൽ രക്തച്ചൊരിച്ചിലും ഉണ്ടാക്കി. പക്ഷേ ഇപ്പോൾ കാര്യങ്ങൾ വ്യത്യസ്തമാണ്. നാം കൂടുതൽ അഭ്യസ്തവിദ്യരും, കൂടുതൽ നിയന്ത്രിതരും, പരിണാമത്തിൽ കൂടുതൽ പുരോഗമിച്ചവരുമാണ്. തെറ്റായ ആളുകളെ നിർമ്മാർജ്ജനം ചെയ്ത്, ശരിയായ ആളുകളെ ഉയർന്ന സ്ഥാനങ്ങളിൽ നിയമിക്കുവാൻ നമുക്ക് കഴിഞ്ഞാൽ സന്തുഷ്ടമായൊരു ജനത നമുക്ക് ഉണ്ടാവും. ആ ശരിയായ ആളുകൾ പിന്നെ ജനങ്ങളെ സ്വയം വിദ്യ അഭ്യസിപ്പിക്കുവാനും, ചൂഷണത്തെ പ്രതിരോധിക്കുവാനും, സാഹോദര്യമുള്ളവരാകുവാനും സഹായിക്കും, കാരണം അപ്പോൾ സാമ്പത്തികമായ അതിരുകളോ, ദേശീയബോധമോ, വർഗ്ഗീയ വ്യത്യാസങ്ങളോ ഉണ്ടായിരിക്കില്ല. പരിണതഫലം ഉപാധികളെ ന്യായീകരിക്കുന്നു. ഉപാധികൾ രക്തമയമായിരിക്കാം, പക്ഷേ പരിണതഫലം നന്മയായിരിക്കും. ഈ യുദ്ധം തന്നെ നോക്കൂ: ഏതായാലും ഇതിനുശേഷം നമുക്ക് മെച്ചപ്പെട്ടൊരു ലോകം ഉണ്ടാകും. കൂടുതൽ സമൃദ്ധവും, കൂടുതൽ സന്തുഷ്ടവുമായൊരു തലമുറ.

നാം സംസാരിച്ചു, എന്നിട്ട് തൽക്ഷണം ഞാൻ അയാളോട് ചോദിച്ചു അയാൾ സ്വയം ഉപജീവനത്തിന് ആദ്യ സ്ഥാനം നൽകിയിരുന്നോ എന്ന്. അയാൾ അപ്രകാരം ചെയ്തിരുന്നില്ല എന്ന് അയാൾ മറുപടി പറയുകയും ആശ്ചര്യഭരിതനായി കാണപ്പെടുകയും ചെയ്തു. നാം ജീവിക്കുന്നത് ഉപജീവനംകൊണ്ട് മാത്രമല്ല; നാം ആപേക്ഷികമായതിനു പ്രാഥമിക മൂല്യം കൊടുത്താൽ, അതിനെ പിന്തുടർന്നു സംഭ്രാന്തി വരും. ഉപജീവനമില്ലാതെ നമുക്ക് ജീവിക്കുവാൻ കഴിയില്ല. പക്ഷേ ഓരോരുത്തനും ഇന്ദ്രിയാധീനത, ലൗകികത, വ്യക്തിപരമായ അമരത്വം എന്നിവയുടെ മോഹപരമായ ആസക്തികളെയോ; അധികാരം, പ്രശസ്തി, സമ്പത്ത് എന്നിവകളെയോ, പ്രാമാണികത, നിഗൂഢത, അത്ഭുതം എന്നിവകളെയോ പിന്തുടരുന്നതുകൊണ്ട്, സംഘർഷവും, നിഷ്ഠൂരതയും, രക്തച്ചൊരിച്ചിലും ഉണ്ടാകും. ഐന്ദ്രിയ മൂല്യങ്ങൾ പ്രാഥമിക മഹത്വം ഏറ്റെടുത്തിരിക്കുന്നതു കൊണ്ട്, ആ കാരണംകൊണ്ട്തന്നെ അവ വഞ്ചിക്കുകയും പൂർണ്ണമായ സംഭ്രാന്തിയിലേക്ക് നയിക്കുകയും ചെയ്യും. ഐന്ദ്രിയ മൂല്യങ്ങൾക്കുവേണ്ടി യുദ്ധവും, രക്തച്ചൊരിച്ചിലും, വിപ്ലവവും, ഇല്ലായ്മയും, വർഗ്ഗീയവും ദേശീയവുമായ വിദ്വേഷങ്ങളും ഉണ്ടാകുന്നു. ഈ ഐന്ദ്രിയമൂല്യങ്ങൾ കീഴ്പ്പെടുത്തപ്പെടേണ്ടത് യാതൊരുവിധത്തിലുള്ള ഹിംസയിലൂടെയുമല്ല, കാരണം ഐന്ദ്രിയമായതിന്റെ സ്വഭാവംതന്നെ സംഘട്ടനം സൃഷ്ടിക്കലാണ്; അതിനെ ഹിംസ കൊണ്ട് നേരിടുക എന്നാൽ കൂടുതൽ സംഘട്ടനവും, കൂടുതൽ ശത്രുതയും, കൂടുതൽ സംഭ്രാന്തിയും ഉളവാക്കലാണ്. സമ്പന്നനാവുക എന്ന ആഗ്രഹംതന്നെ സാമ്പത്തിക മാന്ദ്യത്തിനും, പട്ടിണിക്കും, ദുരിതത്തിനും കാരണമാകുന്നു. വൈരുദ്ധ്യങ്ങൾ അവരുടെ സ്വന്തം വൈരുദ്ധ്യങ്ങളെ സൃഷ്ടിക്കുന്നു, വൈരുദ്ധ്യങ്ങളിലാകട്ടെ പരിഹാരമൊന്നുമില്ല. വൈരുദ്ധ്യങ്ങൾക്ക് അപ്പുറവും മീതേയും പോയാൽ മാത്രമേ മനുഷ്യന് സന്തോഷവും പ്രതീക്ഷയും ഉള്ളു.

ശാന്തിയെന്നത് ഹിംസയുടെ വൈരുദ്ധ്യമല്ല. അത് ഹിംസയുടെ വ്യർത്ഥതയും, അതിന്റെ അനിവാര്യങ്ങളായ അപകടങ്ങളും. വിവക്ഷിതാർത്ഥങ്ങളും മനസ്സിലാക്കുന്നതിന്റെ അനന്തരഫലമാണ്. ശാന്തി, സ്നേഹം എന്നിവ സമഗ്രമാണ്. അതിന് വിരുദ്ധമായി ഒന്നുമില്ല; അത് പൂർണ്ണമാണ്. ഐന്ദ്രിയ മൂല്യങ്ങളും , പ്രത്യേകപരമായ അതികാംക്ഷയും സഫലീകരണത്തിനുവേണ്ടിയുള്ള സദാ വർദ്ധിക്കുന്ന ആവശ്യപ്പെടലിലും, അതുകൊണ്ട് തന്നെ സമ്പത്തിന്റെയും അധികാരത്തിന്റെയും ആവശ്യകതയിലും കലാശിക്കുന്നു.

അധികാരത്തിനും പ്രശസ്തിക്കും (വ്യക്തിപരമായ അമരത്വം) വേണ്ടിയുള്ള അതികാംക്ഷ പരിവർത്തനപ്പെടുത്തേണ്ടത് നിർബന്ധത്തിലൂടെയോ, പകരം വെയ്ക്കലിലൂടെയോ, ഹിംസയിലൂടെയോ, ഇല്ലാതാക്കലിലൂടെയോ അല്ല. എത്ര ശ്രേഷ്ഠമായ ഫലങ്ങൾക്കുവേണ്ടിയായാലും, തെറ്റായതും തിന്മയുള്ളതുമായ മാർഗ്ഗങ്ങൾ തെറ്റായതും തിന്മയുള്ളതുമായ ഫലങ്ങൾ ഉളവാക്കും. തുടക്കത്തിലാണ് ഒടുക്കം. രക്തച്ചൊരിച്ചിലിലൂടെ, യുദ്ധങ്ങളിലൂടെ, അടിച്ചമർത്തലിലൂടെ നിങ്ങൾക്ക് സ്നേഹവും, സൗമനസ്യവും, സാഹോദര്യവും, സ്വാതന്ത്ര്യവും സൃഷ്ടിക്കുവാൻ കഴിയില്ല. വെറുപ്പ് വെറുപ്പിനെ ഉളവാക്കുന്നു, ഹിംസ ഹിംസയെ ഉളവാക്കുന്നതുപോലെ, ശരിയായ ഉപാധികൾ സ്നേഹവും, ശാന്തിയും ഉപയോഗിച്ചാൽ മാത്രമേ നിങ്ങൾക്ക് വിവേകമുള്ളതും, ശാന്തിപൂർണ്ണവും, സൃഷ്ടിപരവുമായൊരു ലോകം ഉണ്ടാവൂ. ■

# വെറുപ്പ് എന്ന വിഷം

അവർക്ക് വെറുപ്പിൽനിന്ന് എങ്ങനെ മുക്തമാകാമെന്ന് "വ" ചോദിച്ചു. അത് അവർക്കും വെറുക്കപ്പെടുന്നവനും വിഷതുല്യമാണെന്ന് അവർ തിരിച്ചറിഞ്ഞു. മ്ലേച്ഛമായ ആ വിഷയത്തിൽനിന്ന് മോചിതയാകുവാൻ അവർ പല മാർഗ്ഗങ്ങളും പരീക്ഷിച്ചുനോക്കിയിരുന്നു—പ്രാർത്ഥന, ദൃഢനിശ്ചയം, പകരംവയ്ക്കൽ, പ്രവർത്തനം എന്നു തുടങ്ങിയവ—എങ്കിലും അവർ അത് തിരിച്ചുവരുന്നതായി കണ്ടു. ചില അവസരങ്ങളിൽ കൂടുതൽ ശക്തമായിട്ട്; മറ്റവസരങ്ങളിൽ അവർ അതിനെക്കുറിച്ച് നേർമ്മയായി ബോധവതിയായിരുന്നു. അതൊരു അഭിനിവേശമായി തീരുന്നുവെന്ന് അവർക്ക് പേടിയായിരുന്നു, അതിനെ അവർ ഒരുപാട് ഭയക്കുന്നുമുണ്ടായിരുന്നു.

നാം കുറച്ച്നേരം സംസാരിച്ചു; ലോകത്ത് വെറുപ്പ്, ദ്വേഷം നടമാടുകയായിരുന്നുവെന്നും, അത്, പ്രചരണത്തിന്റെ വിവിധ രൂപങ്ങളിലൂടെ ഉത്സാഹപൂർവ്വം പ്രോത്സാഹിക്കപ്പെടുകയായിരുന്നുവെന്നും നാം സമ്മതിച്ചു. സഫലതയുടെ ലോഭവും കുശുമ്പും ആദരിക്കപ്പെടുന്ന ഒരു സാമൂഹിക പരിസ്ഥിതിയിൽ, വെറുപ്പും ദ്വേഷവും അനിവാര്യങ്ങളാണ്. സഫലതയും വ്യക്തിപരമായ അഭിലാഷവും, മത്സരവും ഒരു ആദർശമായി ഉയർത്തിപിടിക്കുന്നൊരു സമൂഹം തീർച്ചയായും വെറുപ്പിന്റെ ഒരു ഇനമായ നിഷ്ഠൂരതയെ ഉളവാക്കുന്നു. സാങ്കേതികവിദ്യയിൽ അത്യന്തം പുരോഗമിച്ചൊരു നാഗരികത, തീർച്ചയായും ദയ, കാരുണ്യം എന്നിവ നഷ്ടപ്പെടുത്തുകയും, ആശയറ്റ വിധം ജടികവും, ഐന്ദ്രിയവുമായ മൂല്യങ്ങളിൽ പെട്ടുപോകുകയും ചെയ്യും; ഇത് അനിവാര്യമായും ശത്രുതകളിലേക്കും, സംഘട്ടനങ്ങളിലേക്കും, യുദ്ധങ്ങളിലേക്കും നയിക്കുന്നു. നായാട്ടും മറ്റുതരം കാടത്തരങ്ങളും ആസ്വാദകരമായൊരു വിനോദവും സുഖകരമായൊരു ശ്രദ്ധതിരിക്കലുമായി തീരുന്നൊരു സമൂഹത്തിൽ, അതേ സഹജവാസനയെ ദൈവത്തിന്റെയോ രാജ്യത്തിന്റെയോ പേരിൽ അഥവാ ഒരു ആശയത്തിനു വേണ്ടി ഒരു സഹജീവിയെ കൊല്ലുന്നതിലേക്ക് തിരിക്കുക എന്നത് ഒരു അടുത്തപടി മാത്രമാണ്.

നാം ഭൂതകാലത്തിന്റെ പരിണതഫലമാണ്; വെറുപ്പും, ദ്വേഷവും, ശത്രുതയുടെ മറ്റു രൂപങ്ങളും ബോധപൂർവ്വമോ അബോധപൂർവ്വമോ വളർത്തപ്പെടുന്ന നാനാ രീതികളെ മനസ്സിലാക്കാതെ, അവയെ വെറുതെ കീഴടക്കുക എന്നത് പ്രയത്നത്തിന്റെ നിരർത്ഥകമായൊരു പാഴാക്കലാകുന്നു എന്ന് മാത്രമല്ല, അത് മറ്റു ദുരന്തങ്ങൾക്ക് കാരണമാകുന്ന തെറ്റായ ചിന്തനത്തെ ദൃഢീകരിക്കുകയും ചെയ്യുന്നു. വെറുപ്പിനെ സ്നേഹത്താൽ പകരം വയ്ക്കുന്നത് മറച്ചു വെക്കലിലേക്കും മിഥ്യാചാരത്തിലേക്കും നയിക്കുന്നുവെന്ന് മാത്രമല്ല, അത് തെറ്റായ ചിന്ത—വികാരത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇവയും ഉപരിപ്ലവങ്ങളായ മറ്റു ഉപകരണങ്ങളും സംഘട്ടനം, വെറുപ്പ്, ലോഭം തുടങ്ങിയവയുടെ കാരണത്തിന്റെ വാസ്തവികമായ കണ്ടെത്തലിനെ തടയുന്നു. വെറുപ്പിനെ ചെറുത്ത് നിൽക്കുന്ന അച്ചടക്കപരമായൊരു ശീലത്തെ ഏർപ്പെടുത്തുവാൻ കഴിയും. എന്നാൽ അതേ ശീലംതന്നെ വിചാരശൂന്യത വളർത്തുന്നു; അതാകട്ടെ വിവിധ സാഹചര്യങ്ങളിൽ ദ്വേഷം, വെറുപ്പ് തുടങ്ങിയവയെ മറ്റൊരു രൂപത്തിൽ ഉളവാക്കും. അടിച്ചമർത്തലോ, പകരം വയ്ക്കലോ, സ്വയം അടിച്ചേൽപ്പിക്കപ്പെട്ടൊരു അച്ചടക്കമോ ഒന്നും തന്നെ വെറുപ്പിനെ ഉന്മൂലനം ചെയ്യില്ല. വെറുപ്പ് എന്നത് ഒരു പരിണാമമാണ്, ഒരു പ്രതികരണമാണ്, ഒരു പരിണതഫലമാണ്, ഇതിന്റെ കാരണങ്ങൾ തേടിയെടുക്കപ്പെടണം, അന്വേഷിച്ച് കണ്ടെത്തപ്പെടണം.

അന്വേഷിക്കവേ, അവ ബോധിതനാകവേ, കാരണങ്ങളെ കണ്ടെത്തവേ, ശരിയായ ചിന്തനം ഉടലെടുക്കുന്നു. ശരിയായ ഈ ജ്ഞാനമാണ് വെറുപ്പിന്റെ കാരണത്തെയും പരിണാമത്തെയും പൂർണ്ണമായി നശിപ്പിക്കുന്നത്. അന്വേഷിച്ച് കണ്ടെത്തുന്നതിന്, വികാരം— ചിന്ത എല്ലാ പക്ഷപാതങ്ങളിൽനിന്നും സ്വതന്ത്രമായിരിക്കണം, കാരണം ഏത് പ്രവണതയും കണ്ടെത്തലിനെ തടയുന്നു. അതുകൊണ്ട് പ്രവണതകൾ, ചായ്‌വുകൾ, സഹജവാസനകൾ എന്നിവ നിരീക്ഷിക്കപ്പെടുകയും, പഠിക്കപ്പെടുകയും, മനസ്സിലാക്കപ്പെടുകയുംവേണം. ■

*Published in September, January and May*
*Registered with the Registrar of Newspaper for India under No. TNMAL/2005/17822*

Periodical

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org
Websites : www.kfionline.org / www.jkrishnamurti.org

*Published by Dr. V. Aravind on behalf of the Krishnamurti Foundation India, Vasanta Vihar, 124, 126 Greenways Road, Chennai–600 028. Printed by N. Subramanian at Sudarsan Graphics Offset Press, 27 Neelakanta Mehta Street, T'Nagar, Chennai–600 017. Editor: K. Krishnamurthy*